# VERAPOLY
## ARCHDIOCESAN GAZETTE
## വരാപ്പുഴ അതിരൂപതാ ഗസറ്റ്

VOL. LIV - JK 98 | 2026 FEBRUARY 2 | NO. 2

## PASTORAL LETTER - 2

# വിശുദ്ധ നോമ്പുകാലം 2026

### "എനിക്ക് വിശന്നു; നിങ്ങൾ ഭക്ഷിക്കാൻ തന്നു"

(മത്താ 25: 35)

*യേശുവിൽ പ്രിയ വൈദികസഹോദരരേ,*
*സന്ന്യാസസഹോദരന്മാരേ, സഹോദരിമാരേ, വത്സലമക്കളേ,*

2026 ഫെബ്രുവരി 18-ാം തീയതി വിഭൂതി ബുധനാഴ്ച നാം വിശുദ്ധ നോമ്പുകാലം ആരംഭിക്കുകയാണ്. ക്രിസ്തുനാഥന്റെ പീഡാസഹനം, കുരിശുമരണം, ഉത്ഥാനം എന്നീ ദിവ്യരഹസ്യങ്ങൾ ധ്യാനിച്ചുകൊണ്ട് ഉപവാസം, പ്രാർഥന, ധർമ്മദാനം തുടങ്ങിയ വിശുദ്ധീകരണവഴികളിലൂടെ നാം യാത്രചെയ്യുന്ന പുണ്യകാലമാണ് നോമ്പുകാലം. പുണ്യങ്ങൾ അഭ്യസിച്ചും ഉപവി പ്രവൃത്തികളിലൂടെയും നമ്മുടെ ജീവിതം കുറെക്കൂടി സുന്ദരമാക്കാൻ നാം പരിശ്രമിക്കേണ്ട കാലമാണിത്. കുരിശിന്റെ തണലിലിരുന്ന് നമ്മുടെ ജീവിതത്തിന്റെ ആഴങ്ങളിലേക്ക് ഒന്ന് നോക്കാൻ നമുക്ക് ലഭിക്കുന്ന ഒരു സമയം. അതോടൊപ്പം തന്നെ നമ്മുടെ ചുറ്റുമുള്ള സഹോദരങ്ങളെ കണ്ടുമുട്ടാനും അവരെ മനസിലാക്കാനും അവരുടെ ദുഃഖങ്ങളിൽ

ആശ്വാസമാകാനും, നാം കൂടെയുണ്ട് എന്ന് ഉറപ്പുനൽകി ബലപ്പെടു ത്താനും നാം പ്രത്യേകം സമയം കണ്ടെത്തേണ്ട ഒരു കാലമാണിത്. നോമ്പാചരണത്തിന്റെ കാതൽ നമ്മുടെ വിശുദ്ധീകരണവും നമ്മുടെ സഹോദരരെക്കുറിച്ചുള്ള കരുതലുമാണ് എന്ന സത്യം മറക്കാതെ വിശുദ്ധ നോമ്പുകാലം ആചരിക്കാൻ നിങ്ങൾക്ക് കഴിയട്ടെയെന്ന് ഞാൻ ആശംസിക്കുന്നു.

വി. മത്തായിയുടെ സുവിശേഷം 25-ാം അധ്യായം 35-ാം തിരു വചനത്തിൽ യേശു പറയുന്നു: "എനിക്ക് വിശന്നു, നിങ്ങൾ ഭക്ഷി ക്കാൻ തന്നു" എന്ന്. വിശന്നുവലഞ്ഞവരോട് അനുകമ്പതോന്നിയ അതേ യേശുവിന്റെ വാക്കുകളാണിത്. അന്ത്യവിധിയെക്കുറിച്ചുള്ള യേശുവിന്റെ പ്രബോധനത്തിന്റെ പശ്ചാത്തലത്തിലാണ് ഈ വചനം അവിടുന്ന് അരുൾ ചെയ്യുന്നത്. ഈ നോമ്പുകാലത്ത് നാം ചോദി ക്കേണ്ട ഒരു ചോദ്യമാണ് - "ഈശോയ്ക്ക് വിശന്നപ്പോൾ നാം ഭക്ഷണം കൊടുത്തുവോ?" എന്നത്. എപ്പോഴാണ് ഈശോയ്ക്ക് വിശന്നതെന്നും എങ്ങിനെയാണ് നാം ഈശോയ്ക്ക് ഭക്ഷണം കൊടു ത്തതെന്നും അവിടുന്നുതന്നെ അരുൾചെയ്യുന്നുണ്ട്. "എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തുകൊ ടുത്തപ്പോൾ എനിക്കുതന്നെയാണ് ചെയ്തുതന്നത്" (മത്തായി 25:40). യേശുവിൽ സ്നേഹമുള്ളവരേ, ഈ നോമ്പുകാലത്ത് നാം ധ്യാനി ക്കേണ്ട ഒരു ചോദ്യമാണിത്. യേശുവിന്റെ വിശപ്പടക്കാൻ, അവിടുത്തെ ഏറ്റവും എളിയ സഹോദരരിൽ ആർക്കെങ്കിലും ഒരു നേരത്തെ ആഹാരം നാം നൽകിയിട്ടുണ്ടോ?

നമ്മുടെ രാജ്യത്ത് ദാരിദ്ര്യം അനുഭവിക്കുന്നവരുടെ സംഖ്യ കുറഞ്ഞു എന്നാണ് ഭരണാധികാരികൾ അവകാശപ്പെടുന്നത്. ദിവസവും വയറുനിറയെ നാം ഭക്ഷണം കഴിക്കുമ്പോഴും ഒരു നേരംപോലും വിശ പ്പടക്കാൻ കഴിയാതെ പട്ടിണികിടക്കുന്ന എത്രയോ സഹോദരങ്ങൾ നമുക്ക് തൊട്ടടുത്ത് തന്നെയുണ്ട് എന്ന് നാം അറിയാതെ പോകുന്നുണ്ട്. ചില സാങ്കേതിക കണക്കുകളുടെ അടിസ്ഥാനത്തിൽ ദാരിദ്ര്യം തുടച്ചുനീക്കപ്പെടുന്നുണ്ട് എന്നുള്ള പ്രഖ്യാപനങ്ങൾക്കിടയിലും ഒട്ടിയവയറുമായി കരയുന്ന നമ്മുടെ സഹോദരങ്ങളുടെ മുഖങ്ങൾ നമ്മുടെ ഉറക്കം നഷ്ടപ്പെടുത്തുന്നു. 2025-ലെ കണക്ക് അനുസരിച്ച്

ലോകജനസംഖ്യയിൽ 808 ദശലക്ഷം ജനങ്ങൾ അന്താരാഷ്ട്ര ദാരിദ്ര്യ രേഖയ്ക്ക് കീഴിൽ ജീവിക്കുന്നവരാണ്. ഭാരതത്തിൽ ജനസംഖ്യയുടെ 26 മുതൽ 28 ശതമാനം വരെയുള്ള ആളുകൾ ഇപ്പോഴും വ്യത്യസ്ത ങ്ങളായ ഉയർന്ന ദാരിദ്ര്യരേഖയ്ക്ക് കീഴിലാണെന്ന സത്യം നാം ഓർക്കണം. ഭാരതത്തിൽ പട്ടിണിമൂലം ദിനം പ്രതി ഏഴായിരം പേരെ ങ്കിലും മരിക്കുന്നുണ്ട് എന്നാണ് കണക്ക്. പോഷകാഹാരകുറവുമൂലം 5 വയസിൽ താഴെയുള്ള 3 ലക്ഷം കുട്ടികളെങ്കിലും വർഷംതോറും മരണമടയുന്നുണ്ട് എന്ന സത്യവും നാം വിസ്മരിക്കരുത്. ഇവർക്ക് വിശന്നപ്പോൾ എന്തേ നമുക്ക് ഭക്ഷണം കൊടുക്കാൻ കഴിഞ്ഞില്ല? ഈ അവസരത്തിൽ മറ്റൊരു കണക്കുകൂടി ഓർമ്മപ്പെടുത്തട്ടെ. ഭാരതത്തിൽ വർഷംതോറും 78.2 ദശലക്ഷം ടൺ ഭക്ഷണം പാഴാക്കപ്പെടുന്നുണ്ട് എന്നാണ് കണക്ക്. ദശലക്ഷക്കണക്കിന് പട്ടിണിപാവങ്ങളുടെ വിശപ്പ ടക്കാൻ ഇത് മതിയാകുമായിരുന്നു! നമ്മുടെ ഭവനങ്ങളിൽ നാം പാഴാ ക്കിക്കളയുന്ന ഭക്ഷണം നമ്മുടെ സമീപപ്രദേശങ്ങളിലുള്ള എത്രയോ പേരുടെ വിശപ്പടക്കാൻ കഴിയുന്നതാണെന്ന് ഇടക്കിടെ നാം ചിന്തി ക്കണം. ഇന്നത്തെ നമ്മുടെ ഭക്ഷണ സംസ്കാരവും, ഒരു പക്ഷേ ധാരാളം ഭക്ഷണം പാഴാക്കിക്കളയുന്ന രീതിയിലാണ് എന്നുള്ളതും നാം ചിന്താവിഷയമാക്കണം. വി. ബേസിലിന്റെ വാക്കുകളും ഈ അവ സരത്തിൽ സ്മരണീയമാണ്. "നിങ്ങൾ ഉപയോഗിക്കാത്ത അപ്പം വിശ ക്കുന്നവർക്കുള്ളതാണ്; വെറുതെ സൂക്ഷിച്ചിരിക്കുന്ന നിങ്ങളുടെ വസ്ത്രം നഗ്നർക്കുള്ളതാണ്; നിങ്ങൾ ധരിക്കാത്ത ചെരിപ്പുകൾ നിഷ്പാദുകരുടെതാണ്; നിങ്ങൾ ചെയ്യാത്ത ഉപവി പ്രവൃത്തികൾ നിങ്ങൾ ചെയ്യുന്ന അനീതിയാണ്" ഈ വാക്കുകൾ ഈ നോമ്പുകാ ലത്ത് നമുക്ക് പ്രചോദനമാകട്ടെയെന്ന് ഞാൻ ആഗ്രഹിക്കുകയാണ്.

പരിശുദ്ധപിതാവ് ലെയോ പതിനാലാമൻ പാപ്പാ "ഞാൻ നിന്നെ സ്നേഹിച്ചു" *(Dilexi Te)* എന്ന തന്റെ അപ്പസ്തോലിക ഉദ്ബോധന ത്തിന്റെ 8-ാം ഖണ്ഡികയിൽ ഇപ്രകാരം പറയുന്നു - "ദരിദ്രരുടെ ആവ ശ്യങ്ങളോടുള്ള കരുതൽ ദൈവം ഇങ്ങനെ പ്രകടമാക്കുന്നു. ഇസ്രാ യേൽ ജനത കർത്താവിനോട് നിലവിളിച്ചപ്പോൾ അവിടുന്ന് അവർക്ക് ഒരു വിമോചകനെ നൽകി" (ന്യായാ 3:15). അതിനാൽ, ദരിദ്രന്റെ നില വിളി കേൾക്കുന്നതിലൂടെ, തന്റെ മക്കളുടെ, പ്രത്യേകിച്ചും ഏറ്റവും

ആവശ്യമുള്ളവരുടെ ആവശ്യങ്ങളിൽ കരുതലുള്ള ദൈവത്തിന്റെ ഹൃദയത്തിലേക്ക് പ്രവേശിക്കാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. മാനവചരിത്രത്തിലുടനീളം, ദാരിദ്ര്യാവസ്ഥ എന്നത് നമ്മുടെ ജീവിതങ്ങളെയും സമൂഹങ്ങളെയും, രാഷ്ട്രീയ, സാമ്പത്തിക വ്യവസ്ഥകളെയും, പ്രത്യേകിച്ച് സഭയെയും വെല്ലുവിളിക്കുന്ന ഒരു നിലവിളിയാണ്. 'ദരിദ്രരുടെ മുറിവേറ്റ മുഖങ്ങളിൽ നിഷ്ക്കളങ്കരുടെ സഹനവും അതിലൂടെ ക്രിസ്തുവിന്റെ സഹനവും നമുക്ക് കാണാൻ കഴിയണം' (No.9). സ്നേഹമുള്ളവരെ, നമുക്ക് ചുറ്റുമുള്ള ദരിദ്രരുടെ നിലവിളി നാം കേൾക്കണം. അത് ഒരു വെല്ലുവിളിയാണെന്ന സത്യം തിരിച്ചറിയണം. അവരുടെ മുഖങ്ങൾ നാം കാണണം. അവരിൽ ക്രിസ്തുവിനെ ദർശിക്കണം. നമുക്ക് സാധ്യമായ രീതിയിൽ അവർക്ക് ഒരു നേരത്തെ ആഹാരം നൽകുമ്പോൾ യേശുനാഥൻ പറയും - "എനിക്ക് വിശന്നു, നിങ്ങൾ ഭക്ഷിക്കാൻ തന്നു" എന്ന്. വലിയ കടബാധ്യതകളാലും മറ്റും സാമ്പത്തികമായി തകർന്നു നിൽക്കുന്ന, നിത്യവൃത്തിക്ക് ക്ലേശമനുഭവിക്കുന്ന ധാരാളം കുടുംബങ്ങൾ നമ്മുടെ ഇടയിലുണ്ട്. അവർ ഒരുപക്ഷേ, തങ്ങളുടെ കഷ്ടപ്പാടുകൾ ആരെയും അറിയിക്കണമെന്നില്ല. അക്കൂട്ടത്തിൽ ഒരു നേരത്തെ ഭക്ഷണത്തിനുവേണ്ടി ബുദ്ധിമുട്ടുന്നവർവരെയുമുണ്ടാകാം. അങ്ങിനെയുള്ളവരെ കണ്ടെത്താനും അവരെ അറിഞ്ഞുസഹായിക്കാനും പരിശ്രമിക്കണമെന്നും ഞാൻ ഓർമ്മിപ്പിക്കുന്നു.

ആയതിനാൽ മറ്റുള്ളവരോട് കരുതലുള്ളവരാകാൻ മക്കളെ നമുക്ക് പരിശീലിപ്പിക്കാം. അനാവശ്യമായി ഭക്ഷണം പാഴാക്കിക്കളയാതിരിക്കാൻ അവരെ പഠിപ്പിക്കാം. ഈ നോമ്പുകാലത്ത് നമുക്ക് മിച്ചം വയ്ക്കാൻ സാധിക്കുന്നത് നാം അന്വേഷിച്ചു കണ്ടെത്തുന്ന പാവപ്പെട്ട സഹോദരങ്ങൾക്ക് വിശപ്പടക്കാൻ വേണ്ടി നൽകാൻ കഴിഞ്ഞാൽ യേശു തീർച്ചയായും നമ്മോടു പറയും - "എന്റെ ഏറ്റവും എളിയ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തുകൊടുത്തപ്പോൾ എനിക്കുതന്നെയാണ് ചെയ്തുതന്നത്" എന്ന്.

യേശുവിന്റെ എളിയ സഹോദരന്മാരുടെ മുഖം പ്രകാശിക്കത്തക്ക രീതിയിൽ അവരുടെ വിശപ്പടക്കാൻ ഞാൻ നിങ്ങളെ ആഹ്വാനം ചെയ്യുന്നു. കുരിശിന്റെ വഴിയിലൂടെ, അനുകമ്പാർദ്രമായ ഹൃദയത്തോടെ

നടന്ന് നമ്മുടെ വിശ്വാസത്തിന്റെ പരമോന്നതസത്യമായ ഉത്ഥാന ത്തിന്റെ ആഘോഷത്തിലേക്ക് നമ്മുക്ക് പ്രവേശിക്കാം. ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

പൈതൃകാശീർവാദങ്ങളോടെ എറണാകുളത്ത് നമ്മുടെ അതി മെത്രാസനമന്ദിരത്തിൽ നിന്ന്, 2026 ഫെബ്രുവരി 2-ാം തീയതി,

**✠ ജോസഫ് കളത്തിപ്പറമ്പിൽ**
*വരാപ്പുഴ അതിരൂപതാ മെത്രാപ്പോലീത്ത*

---

N.B.: **ഈ ഇടയലേഖനം 2026 ഫെബ്രുവരി 15-ാം തീയതി ഞായറാഴ്ച ദിവ്യബലി മധ്യേ വായിക്കേണ്ടതാണ്.**

## CIRCULAR - 2

# 2026 ഫെബ്രുവരി 08 തിരുബാലസഖ്യദിനം

### കെസിബിസി വൊക്കേഷൻ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

യേശുവിൽ പ്രിയ മാതാപിതാക്കളെ,
സഹോദരീസഹോദരന്മാരെ, വത്സലമക്കളെ,

ആഗോള കത്തോലിക്കാസഭ ഈ വർഷത്തെ തിരുബാല സഖ്യദിനം ഫെബ്രുവരി എട്ടാം തീയതി ഞായറാഴ്ചയാണ് ആചരിക്കുന്നത്. കുട്ടികളുടെ സമഗ്രമായ ഉന്നമനത്തെ ലക്ഷ്യം വെച്ചുകൊണ്ട് അവരെ സഭയ്ക്കും സമൂഹത്തിനും മുതൽക്കൂട്ടാക്കുക എന്ന ഉദ്ദേശത്തോടെ സാർവത്രികസഭ മുഴുവനായി പ്രവർത്തിക്കുന്ന സംഘടനയാണ് തിരുബാലസഖ്യം. പരസ്പരം സഹായിക്കാൻ പ്രോത്സാഹിപ്പിച്ചു കൊണ്ടാണ് തിരുബാലസഖ്യത്തിലെ അംഗങ്ങളെ വിശുദ്ധിയുടെ പാതയിൽ നയിക്കേണ്ടത്. ഈ സംഘടനയിൽ അംഗങ്ങളായ എല്ലാ കുട്ടികൾക്കും അവരെ നയിക്കുന്നവർക്കും ഈ വർഷത്തെ തിരുബാലസഖ്യദിനത്തിന്റെ പ്രാർത്ഥനാശംസകൾ നേരുന്നു.

"കുട്ടികൾ കുട്ടികളെ സഹായിക്കുന്നു" എന്നുള്ള മഹത്തായ ദൗത്യത്തെയാണ് തിരുബാലസഖ്യം എന്ന സംഘടന മുന്നോട്ടു വെക്കുന്നതും പ്രാവർത്തികമാക്കാൻ ശ്രമിക്കുന്നതും. ഇത് നമ്മുടെ ആപ്തവാക്യം മാത്രമല്ല, ഓരോ കുട്ടിയുടേയും ഹൃദയത്തിൽ നിന്ന് ഉദിക്കേണ്ട ഒരു മിഷണറി ബോധ്യം കൂടിയാണ്. തിരുബാല സഖ്യത്തിലെ ഓരോ കുട്ടിയും പ്രാർത്ഥിക്കുന്ന മിഷണറിയാവണം, സ്നേഹിക്കുന്ന മിഷണറിയാവണം, സഹായിക്കുന്ന മിഷണറി യാവണം.

പുതുതലമുറയിലെ കുട്ടികൾ ജനിച്ചു വീഴുന്നതുതന്നെ ഡിജിറ്റൽ ലോകത്തിലേക്കാണ്. നമ്മുടെ കുട്ടികൾ വളരുന്നത് ബൈബിളും പുസ്തകങ്ങളും മാത്രം തുറക്കുന്ന ലോകത്തിലല്ല, പകരം മൊബൈൽ ഫോൺ, ഗെയിംസ്, സോഷ്യൽ മീഡിയ എന്നിവ നിറഞ്ഞ പുതു ലോകത്തിലാണ്. ഇവയുടെ ഉപഭോക്താക്കളായി തുടരുമ്പോഴും

ഇതിന്റെ ഗുണദോഷങ്ങളെപ്പറ്റി നാമോരോരുത്തരും ബോധവാന്മാരുമാണ്. ഡിജിറ്റൽ കാലത്തിന്റെ ഗുണങ്ങളെ സഭയോടും കൂടി ചേർത്തു നിർത്തിയല്ലേ നാം പരിശീലിക്കേണ്ടത്? ഡിജിറ്റൽ സാധ്യതകളെ ദൈവം തന്ന ഒരു അവസരമായിക്കണ്ട് ശരിയായി ഉപയോഗിച്ചാൽ കുട്ടികൾക്ക് സഭയെക്കുറിച്ച് കൂടുതൽ മനസ്സിലാക്കാനും മറ്റു പ്രദേശങ്ങളിലെ മനുഷ്യരുടെ ജീവിതം കാണാനും വിശുദ്ധരുടെ കഥകൾ കേൾക്കാനും പ്രാർത്ഥനകൾ കണ്ടും കേട്ടും പഠിക്കാനും ഓൺലൈൻ വഴി തിരുവചനം വായിക്കാനുമൊക്കെയുള്ള എത്രയെത്ര സാധ്യതകളെ കണ്ടെത്താം. ഇത്തരത്തിൽ നല്ലകാര്യങ്ങൾ ചെയ്യാനും പഠനാവശ്യത്തിനായും ഇവ ഉപയോഗിക്കാമെങ്കിലും കുട്ടികൾ കുറേയധികം സമയം ഫോണിലും കമ്പ്യൂട്ടറിലും ചെലവഴിക്കാതിരിക്കാനും കൂടി നമ്മുടെ പ്രത്യേകശ്രദ്ധ വേണം എന്നതും പ്രധാന കാര്യമാണ്. ഡിജിറ്റൽ ലോകത്തിന്റെ ദോഷങ്ങളും കുട്ടികളെ പറഞ്ഞു മനസ്സിലാക്കേണ്ടതുണ്ട്. അതിരുകടന്ന മൊബൈൽ ഉപയോഗം പ്രാർത്ഥനയ്ക്കുള്ള സമയം ഇല്ലാതാക്കുന്നു, കുടുംബത്തിൽ പരസ്പരമുള്ള സംസാരം കുറയ്ക്കുന്നു, ഒറ്റപ്പെടലും അസൂയയും താരതമ്യവും വളർത്തുന്നു. സ്ക്രീനിൽ വളരുന്ന കുട്ടി, ഹൃദയത്തിലെ ദൈവത്തെ നഷ്ടപ്പെടുത്താൻ ഇടയാവരുത്.

നമ്മുടെ മക്കൾക്ക് നാം നൽകുന്ന ഏറ്റവും വലിയ സമ്പാദ്യം എന്താണ്? ഭൗതികമായ സൗകര്യങ്ങൾക്കും മികച്ച വിദ്യാഭ്യാസത്തിനുമപ്പുറം, ഈശോയോടൊപ്പമുള്ള ഒരു സൗഹൃദം അവർക്കുണ്ടോ? ഈശോയെ അവർ തങ്ങളുടെ പ്രിയപ്പെട്ടയാളായി സ്വീകരിക്കുന്നുവോ? വിശുദ്ധ മത്തായിയുടെ സുവിശേഷം 19:14-ൽ ഈശോ പറയുന്നു: 'ശിശുക്കളെ എന്റെ അടുത്തുവരാൻ അനുവദിക്കുവിൻ; അവരെ തടയരുത്. എന്തെന്നാൽ, സ്വർഗരാജ്യം അവരെപ്പോലെയുള്ളവരുടേതാണ്''. പലപ്പോഴും പല കാരണങ്ങളാൽ കുട്ടികൾ ഈശോയുടെ സ്നേഹത്തിൽ നിന്ന് അകന്നു പോവാറുണ്ട്. ദൈവാശ്രയത്തേക്കാൾ ഉപരിയായി ലോകചിന്തകളോ പരീക്ഷാ വിചാരങ്ങളോ അവരിൽ കുത്തിനിറയ്ക്കുമ്പോൾ, ഈശോയുടെ അടുത്തേക്കുള്ള വഴി അവർക്കു മുന്നിൽ മറയാതിരിക്കാൻ നാം ശ്രമിക്കണം. സ്വർഗരാജ്യത്തിന് അർഹരായ കുഞ്ഞുങ്ങളെ ദൈവാനുഭവത്തിലേക്ക് വളർത്തുക എന്നത് മാതാപിതാക്കളുടെ പ്രാഥമിക

കടമയാണ്. കുട്ടികൾ ഈശോയിലേക്ക് വരുന്നത് മാതാപിതാക്കളി ലൂടെയാണ്. എല്ലാവരും ഒന്നിച്ചുള്ള കുടുംബപ്രാർത്ഥന ഹൃദയത്തിൽ തൊടുന്ന ദൈവാനുഭവമായി മാറണം. മാതാപിതാക്കൾ ഈശോയു മായി പുലർത്തുന്ന ബന്ധമാണ് മക്കളുടെ ജീവിതത്തിലെ ഏറ്റവും വലിയ പാഠപുസ്തകം.

കുട്ടികളുടെ എല്ലാ വിചാരങ്ങളിലും അവരുമായി ബന്ധപ്പെട്ട എല്ലാക്കാര്യങ്ങളിലും ഈശോയോട് കൂട്ടുകൂടണം എന്ന ബോധ്യം അവർക്കു നൽകണം. കുട്ടികൾക്ക് അവരുടെ പഠനം, കളികൾ, സങ്കടങ്ങൾ, കൊച്ചു കൊച്ചു ആഗ്രഹങ്ങൾ എന്നിവയിലെല്ലാം ഈശോയെ കൂട്ടുപിടിക്കാൻ സാധിക്കണം. ദൈവമായ ഈശോ അവരുടെ എല്ലാ കാര്യങ്ങളും കേൾക്കുന്ന ഒരു അടുത്ത സുഹൃത്താ ണെന്ന് അവരെ പഠിപ്പിക്കുക. കുട്ടിക്ക് പഠിക്കാൻ ബുദ്ധിമുട്ടുള്ള വിഷയങ്ങൾ പഠിക്കുമ്പോൾ ഈശോയോട് സഹായം ചോദിക്കാൻ അവരെ ശീലിപ്പിക്കുക. സങ്കടങ്ങളിൽ ഈശോയുടെ വാക്കുകൾ അവർക്ക് ആശ്വാസമാകട്ടെ. "എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം" (മത്തായി 11:28) എന്ന വചനം കേൾക്കുന്ന ഒരു കുട്ടിക്ക് ആ വചനത്തെ അവന്റെ ജീവിതവുമായി ചേർത്ത് മനസ്സിലാക്കാൻ മാതാപിതാക്കളും മുതിർന്നവരും സഹായിക്കണം. ദൈവവചനം കുഞ്ഞുങ്ങൾ പഠിക്കേണ്ടതും മനസ്സിലാക്കേണ്ടതും ഇന്നത്തെ കാലഘട്ടത്തിന്റെ ആവശ്യമാണ്. തോൽവികളിലും ചെറിയ വീഴ്ചകളിലും തളരാതെ, ഈശോയുടെ വചനത്തിൽ അവർക്ക് ആശ്വാസം കണ്ടെത്താൻ കഴിയണം.

"കുട്ടികൾ കുട്ടികളെ സഹായിക്കട്ടെ, കുട്ടികൾ കുട്ടികൾക്കു വേണ്ടി പ്രാർത്ഥിക്കട്ടെ" എന്ന ആപ്ത വാക്യവുമായി ഉണ്ണിയേശു വിന്റെ സംരക്ഷണയിലാണ് തിരുബാലസഖ്യം പ്രവർത്തിക്കുന്നത്. പരിശുദ്ധ കന്യകാമറിയം മധ്യസ്ഥയും വിശുദ്ധ യൗസേപ്പിതാവും കാവൽമാലാഖമാരും ഉപമധ്യസ്ഥരുമാണ്. വിശുദ്ധരുടെ സ്നേഹത്ത ണലിൽ കുട്ടികളെ ദൈവമക്കളായി വളർത്തുവാൻ തിരുബാല സഖ്യത്തിന് സാധിക്കുന്നു. എല്ലാവരേയും സഹായിക്കുവാനും പരിഗണിക്കുവാനും നന്മ ചെയ്യുവാനുമുള്ള പരിശീലനത്തിലൂടെ ക്രിസ്തുവാകുന്ന വെളിച്ചത്തിലേക്ക് അവർ നയിക്കപ്പെടുകയാണ്.

സഭയോടൊത്ത് ചിന്തിക്കുവാനും പ്രവർത്തിക്കുവാനും യഥാർത്ഥ മൂല്യാധിഷ്ഠിത ജീവിതം നയിക്കുവാനും തിരുബാലസഖ്യം അവരെ സഹായിക്കുന്നുവെന്നത് പ്രത്യേക അഭിനന്ദനം അർഹിക്കുന്നു. ഓരോ കുഞ്ഞും ഈശോയുടെ സ്നേഹം അനുഭവിക്കാനും ആ തണലിൽ വളരാനും അർഹരാണ്. അവരുടെ കുഞ്ഞു ഹൃദയങ്ങളിലെ ചെറിയ വിചാരങ്ങൾ പോലും ഈശോയുടെ പക്കൽ സമർപ്പിക്കാൻ നമുക്ക് അവരെ സഹായിക്കാം.

തിരുബാലസഖ്യത്തിലെ പ്രിയ കുട്ടികളേ, നിങ്ങൾ ചെറുതാണെന്ന് വിചാരിക്കരുത്. നിങ്ങൾ ഈശോയുടേയും നമ്മുടെ സഭയുടെയും ഏറ്റവും പ്രിയപ്പെട്ട മക്കളാണ്. ഒരു പ്രാർത്ഥനകൊണ്ട്, ഒരു ചെറിയ ത്യാഗംകൊണ്ട്, ഒരു പുഞ്ചിരികൊണ്ട്, ചെറിയ സഹായം കൊണ്ട് ലോകം മാറ്റാൻ നിങ്ങൾക്ക് കഴിയും."നീ എന്റെ സ്വന്തമാണ" എന്ന് ഉണ്ണീശോ നിങ്ങളോരോരുത്തരോടും പറയുന്നുണ്ട്. വർണ്ണങ്ങളുടെ ഡിജിറ്റൽ ലോകം നമ്മുടെ മുന്നിലുണ്ടാകാം, പക്ഷേ അതിനേക്കാൾ ആർദ്രമായ സ്നേഹത്തോടെ ഈശോയുടെ വിളിയും കരുതലുമുണ്ട്, അവിടുത്തെ തിരുഹൃദയത്തിൽ നമുക്ക് ഇടവുമുണ്ട്. ഈ വർഷത്തെ തിരുബാലസഖ്യദിനത്തിൽ നിങ്ങൾ വിശ്വാസത്തിൽ ഉറച്ചവരാകട്ടെ, മിഷനറി ചൈതന്യത്തിൽ ജ്വലിക്കുന്നവരാകട്ടെ, ഉണ്ണീശോയുടെ ഹൃദയത്തിനു അനുയോജ്യരാവട്ടെ.

ഏറെ വാത്സല്യത്തോടും സ്നേഹത്തോടും കൂടെ,

**ബിഷപ്പ് ഡോ. ആന്റണി വാലുങ്കൽ**
ചെയർമാൻ കെ.സി.ബി.സി വൊക്കേഷൻ കമ്മീഷൻ

**ബിഷപ്പ് മാർ ജോസഫ് പണ്ടാരശ്ശേരിൽ**
വൈസ് ചെയർമാൻ കെ.സി.ബി.സി വൊക്കേഷൻ കമ്മീഷൻ

---

N.B.: ഈ സർക്കുലർ **2026 ഫെബ്രുവരി 8-ാം തീയതി** ഞായറാഴ്ച ദിവ്യബലി മധ്യേ വായിക്കുകയോ ഇതിലെ വിവരങ്ങൾ ജനങ്ങളെ അറിയിക്കുകയോ ചെയ്യേണ്ടതാണ്.

## CIRCULAR - 3

# പെസഹാകാല കടമകൾ

തിരുസഭയുടെ കല്പനകളിൽ പ്രധാനപ്പെട്ടവയാണ് കുമ്പസാരത്തേയും വിശുദ്ധ കുർബ്ബാനസ്വീകരണത്തേയും സംബന്ധിച്ചുള്ളവ. അതേപറ്റി കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം പറയുന്നത് ഇപ്രകാരമാണ്. "യോഗ്യമായ ഒരുക്കത്തോടെ വിശുദ്ധ കുർബ്ബാനയിൽ പങ്കെടുക്കുമ്പോൾ വിശുദ്ധ കുർബ്ബാന സ്വീകരിക്കണമെന്നാണ് സഭ വിശ്വാസികളോട് ആവശ്യപ്പെടുന്നത്. ചുരുങ്ങിയത് ഉയിർപ്പുതിരുനാളിലെങ്കിലും വിശ്വാസികൾ വിശുദ്ധകുർബ്ബാന സ്വീകരിക്കണം''. (കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം, നമ്പർ 290). തിരിച്ചറിവിന്റെ പ്രായമെത്തിയ ഓരോ വിശ്വാസിയും വർഷത്തിലൊരിക്കലെങ്കിലും മാരക പാപങ്ങൾ ഏറ്റുപറഞ്ഞു കുമ്പസാരിക്കാൻ കടപ്പെട്ടിരിക്കുന്നു.

മേൽപ്പറഞ്ഞ കടമകൾ നിറവേറ്റുന്നതിന് വിശ്വാസികൾക്കു സൗകര്യം ലഭിക്കുന്നതിനു പതിവുപോലെ ക്ഷാരബുധൻ മുതൽ പെന്തക്കോസ്താതിരുനാൾവരെയുള്ള സമയം ഇതിനായി നിശ്ചയിച്ചിരിക്കുന്നു. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ഈ കടമകളെക്കുറിച്ചു വിശ്വാസികളെ ഓർമ്മപ്പെടുത്തേണ്ടതാണ്.

എറണാകുളം — ✠ ***ജോസഫ് കളത്തിപ്പറമ്പിൽ***

02.02.2026 — വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത

## CIRCULAR - 4

# The Chrism Mass

*Dear Rev. Fathers,*

The Liturgy recommends that the Mass of the Chrism concelebrated by the Bishop and his priests, should be manifestation of the fellowship of the priests with their Bishop. In order to show the unity of the presbyterium it is recommended that as many priests as possible of our Archdiocese participate in the Concelebrated Mass of the Chrism at 7.30 am in our St. Francis Assisi Cathedral on Maundy Thursday, April 2, 2026.

*Yours devotedly in Christ Jesus,*

Ernakulam
02.02.2026

✠ **Joseph Kalathiparambil**
Archbishop of Verapoly

## CIRCULAR - 5

# Devotion to St. Joseph

*Dear Rev. Fathers,*

As St. Joseph is the Patron of the Universal Church and also the special Patron of our Archdiocese according to the Rescript of Pope Leo XIII, dated April 1, 1888 his Feast must be celebrated as Solemnity on March 19.

The highly fruitful devotion to St. Joseph, which has been a special feature of our people from ancient times, has to be kept up with increasing fervour, especially in these days of spiritual aridity and disruption of family life.

I would therefore direct as follows:-

1. The feast should be solemnly celebrated with High Mass, Sermon etc.
2. Wherever possible, a treat to the poor should be arranged.

With cordial blessings,

Ernakulam
02.02.2026

✠ **Joseph Kalathiparambil**
Archbishop of Verapoly

## CIRCULAR - 6

*വന്ദ്യവൈദികരെ,*

ഇ.എസ്.എസ്.എസിന്റെ ആശാകിരണം കാൻസർ സുരക്ഷാ പദ്ധതി വിപുലീകരിക്കുന്നതിനും, കാൻസർ ചികിൽസാനിധിയിലേക്ക് കൂടുതൽ തുക സമാഹരിക്കുന്നതിനുമായി 2026 ഏപ്രിൽ 2-ാം തീയതി പെസഹാ വ്യാഴാഴ്ച അതിരൂപതയിലെ എല്ലാ ഇടവകകളിലും ദിവ്യ ബലിമധ്യേ സ്തോത്രക്കാഴ്ച എടുത്ത് പ്രസ്തുത തുക ഇ.എസ്. എസ്.എസ് ഓഫീസിൽ താമസംവിനാ ഏല്പിക്കണമെന്ന് അറിയിക്കുന്നു.

എറണാകുളം — ✠ ***ജോസഫ് കളത്തിപ്പറമ്പിൽ***

02.02.2026 — വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത

## NOTIFICATION - 5

*Dear Rev. Fathers /Sisters,*

**The Archdiocesan Curia will remain closed during the Holy Week, 2026 March 29 - April 5.** The Reverend Parish Priests are kindly requested to inform the people about it. No petitions shall be accepted during these days.

Ernakulam — **Chancellor**

02.02.2026 — Archdiocese of Verapoly

## CIRCULAR - 7

# ദൈവദാസൻ മോൺ. ഇമ്മാനുവൽ ലോപ്പസിന്റെ 22-ാം ചരമവാർഷികം

പുണ്യസ്മരണാർഹനായ ദൈവദാസൻ മോൺ. ഇമ്മാനുവൽ ലോപ്പസിന്റെ 22-ാം ചരമവാർഷികം 2026 മാർച്ച് 20ന് ആചരിക്കുകയാണ്. ഇതിനോടനുബന്ധിച്ച് 2026 മാർച്ച് 20-ാം തീയതി വെള്ളിയാഴ്ച വൈകിട്ട് 5.30 ന് ചാത്യാത്ത് മൗണ്ട് കാർമ്മൽ ദൈവാലയത്തിൽ കൃതജ്ഞതാദിവ്യബലിയും തുടർന്ന് ദൈവദാസൻ മോൺ. ഇമ്മാനുവൽ ലോപ്പസിന്റെ കബറിടത്തിൽ പ്രാർത്ഥനയും നടത്തപ്പെടുന്നതാണ്. സാധിക്കുന്ന എല്ലാ വൈദികരും സന്ന്യസ്തരും അല്മായ സഹോദരങ്ങളും ഈ കൃതജ്ഞതാദിവ്യബലിയിൽ സംബന്ധിക്കണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. ദൈവദാസൻ മോൺ. ഇമ്മാനുവൽ ലോപ്പസ് വേഗം വിശുദ്ധനായി നാമകരണം ചെയ്യപ്പെടുന്നതിനുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

എറണാകുളം<br>02.02.2026

✠ ***ജോസഫ് കളത്തിപ്പറമ്പിൽ***<br>വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത

# CIRCULAR - 8

# കേരള ലത്തീൻ സഭയിൽ കൂദാശകളുടെയും കൂദാശാനുകരണങ്ങളുടെയും പരികർമ്മം സംബന്ധിച്ചു ചില നിർദ്ദേശങ്ങൾ

**2026 ജനുവരി 9 ന് സമ്മേളിച്ച KRLCBC അംഗീകരിച്ച പൊതുനിർദേശങ്ങൾ**

## മനസമ്മതം

മനസമ്മതത്തോട് അനുബന്ധിച്ചുള്ള ധൂർത്തും അമിതമായ ആഘോഷവും നിരുത്സാഹപ്പെടുത്തണം. മനസമ്മതം ദിവ്യപൂജയോടു കൂടി നടത്താൻ പാടുള്ളതല്ല. ഞായറാഴ്ചകളിൽ മനസമ്മതം ഒഴിവാക്കുന്നത് ഉചിതമായിരിക്കും. മനസമ്മതം നിലവിൽ നിർബ്ബന്ധമല്ലാത്ത രൂപതകളിലെ അംഗങ്ങളും നിലവിൽ മനസമ്മതം നടത്തുന്ന രൂപതകളിലെ അംഗങ്ങളും തമ്മിലുള്ള വിവാഹം ക്രമീകരിക്കപ്പെടുമ്പോൾ അതത് ഇടവകകളിലെ ബഹു. വികാരിയച്ചന്മാർ ആവശ്യമായ രേഖകളും കത്തുകളും പതിവുപോലെ തന്നെ നൽകേണ്ടതാണ്.

## വിളിച്ചുചൊല്ലൽ

ഇപ്പോൾ മനസമ്മതത്തിനുമുമ്പും വിളിച്ചു ചൊല്ലാനുള്ള അവസരം ഉള്ളതിനാൽ മൂന്നു ഞായറാഴ്ചകളിൽ നിർബന്ധമായും വിളിച്ചുചൊല്ലൽ നടത്തേണ്ടതാണ്. അടിയന്തിര സാഹചര്യങ്ങളിൽ സമയക്കുറവും ന്യായവും യുക്തവുമായ കാരണങ്ങളും ഉണ്ടെങ്കിൽ മാത്രം ഒന്നോ, രണ്ടോ വിളിച്ചുചൊല്ലലിൽ നിന്നും ഒഴിവു നല്കാവുന്നതാണ്. വരനും വധുവും രണ്ടു വ്യത്യസ്ത രൂപതകളിൽ നിന്നുള്ളവരാണെങ്കിലും ഒരേ രൂപതയിൽ നിന്നുള്ളവരാണെങ്കിലും ഒരു അനുവാദം വാങ്ങിയാൽ മതിയാകും.

## വിവാഹം സാധുവാക്കൽ

ഏതെങ്കിലും ന്യൂനതയാലോ, നിയമതടസ്സത്താലൊ അസാധുവായി നടക്കുന്ന വിവാഹങ്ങൾ, രജിസ്റ്റർ വിവാഹങ്ങൾ എന്നിവ ടി

ന്യൂനതകളോ, നിയമതടസ്സങ്ങളോ പരിഹരിക്കപ്പെട്ടിട്ടുണ്ടെങ്കിൽ കാലതാമസം കൂടാതെ, രൂപതയിൽ നിലവിലുള്ള നിബന്ധനകൾ പാലിച്ച്, എന്നാൽ ഒരു വർഷത്തിനുള്ളിൽ, സാധുവാക്കുന്നതിനുള്ള അനുവാദം രൂപതാകച്ചേരിയിൽ നിന്നും നല്കേണ്ടതാണ്.

## വിസ ലഭിക്കുന്നതിനുള്ള രജിസ്റ്റർ വിവാഹം

വിദേശത്ത് സ്ഥിരതാമസത്തിന് സാഹചര്യം ഒരുക്കുന്ന വിസ ലഭിക്കുന്നതിനുവേണ്ടി സിവിൽ നിയമപ്രകാരം രജിസ്റ്റർ വിവാഹം നടത്താൻ ആഗ്രഹിക്കുന്നവർക്ക് രൂപതാകച്ചേരിയിൽ നിന്നും ടി സിവിൽ വിവാഹത്തിന് മുൻകൂട്ടി അനുവാദം നൽകാൻ പാടുള്ളതല്ല. എന്നാൽ ഇപ്രകാരം സിവിൽ നിയമപ്രകാരം വിവാഹിതരാകുന്നവർ പിന്നീട് തിരുസഭാനിയമങ്ങൾ പാലിച്ച് പള്ളിയിൽവച്ച് വിവാഹിത രാകുന്നതിന്വേണ്ടി രൂപതാകച്ചേരിയെ സമീപിക്കുമ്പോൾ അവർ വിവാഹിതരായത് വിസ ലഭിക്കുന്നതിന് വേണ്ടിയാണെന്നും അവർ സഹവസിച്ചിട്ടില്ലെന്നും ബോധ്യപ്പെട്ടാൽ അവർക്ക് പ്രായശ്ചിത്തം ഒഴിവാക്കി പള്ളിയിൽ വച്ച് സാധാരണപോലെ വിവാഹം നടത്തുന്ന തിനുള്ള അനുവാദം നൽകാവുന്നതാണ്.

## മുതിർന്നവരുടെ ജ്ഞാനസ്നാനം

മുതിർന്നവരുടെ ജ്ഞാനസ്നാനത്തിന് അപേക്ഷിക്കുന്നതിന് മുമ്പ് ജ്ഞാനസ്നാനാർത്ഥി മതിയായ ഒരുക്കം നടത്തിയിട്ടുണ്ടെന്ന് ബഹു. വികാരിയച്ചൻ ഉറപ്പുവരുത്തേണ്ടതാണ്. പരമാവധി മൂന്നു മാസത്തെ വിശ്വാസ ഒരുക്ക കാലഘട്ടം - Catechumenate കാലയളവി നുള്ളിൽ ജ്ഞാനസ്നാനാർത്ഥികൾക്ക് ഉചിതമായ പരിശീലനം നൽകി ജ്ഞാനസ്നാനം നൽകേണ്ടതാണ്. ന്യായവും യുക്തവുമായ കാരണമുണ്ടെങ്കിൽ ബഹു. വികാരിക്ക് വിവേചനാപൂർവ്വം ഇക്കാര്യം സംബന്ധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണ്. അക്രൈസ്തവരായ ജ്ഞാനസ്നാനാർത്ഥികൾ നോട്ടറി അഡ്വക്കേറ്റ് സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം നിർബന്ധമായും സമർപ്പി ക്കേണ്ടതാണ്. ഇത്തരം ജ്ഞാനസ്നാനങ്ങളുടെ രജിസ്റ്റർ ഓരോ ഇടവകയിലും രൂപതയിലും പ്രത്യേകം സൂക്ഷിക്കേണ്ടതാണ്.

## ആത്മഹത്യ ചെയ്തവരുടെ മൃതസംസ്ക്കാരകർമ്മം

ആത്മഹത്യ ചെയ്യുന്നത് പൂർണ്ണബോധത്തോടെയാകാൻ സാധ്യതയില്ലാത്തതിനാലും അതു നിർണ്ണയിക്കാൻ മനുഷ്യന് അസാധ്യമായതിനാലും അവർക്ക് ലളിതമായ ദിവ്യബലിയോടുകൂടെ മൃതസംസ്ക്കാരം നൽകാവുന്നതാണ്.

**ആർച്ച്ബിഷപ്പ് വർഗീസ് ചക്കാലക്കൽ**
*പ്രസിഡന്റ്, കെആർഎൽസിബിസി*

**ആർച്ച്ബിഷപ്പ് ജോസഫ് കളത്തിപ്പറമ്പിൽ**
*വരാപ്പുഴ അതിരൂപതാ മെത്രാപ്പോലീത്ത*

**ബിഷപ്പ് അലക്സ് വടക്കുംതല**
*ചെയർമാൻ, KRLCBC കാനൻ ലോ കമ്മീഷൻ*

# CIRCULAR - 9

# അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസിന്റെ വർഷം പൂർണ്ണദണ്ഡവിമോചനം

സ്നേഹമുള്ളവരേ,

അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസിന്റെ 800-ാമത് ചരമവാർഷികത്തോടനുബന്ധിച്ച് പരിശുദ്ധ പിതാവ് ലെയോ പതിനാലാമൻ പാപ്പാ ഒരു സവിശേഷ ജൂബിലിവർഷം പ്രഖ്യാപിച്ചിരിക്കുന്നു. 2026 ജനുവരി 10 മുതൽ 2027 ജനുവരി 10 വരെ ഓരോ ക്രിസ്തുവിശ്വാസിയും അസ്സീസിയിലെ വിശുദ്ധന്റെ മാതൃക പിന്തുടർന്നുകൊണ്ട് ജീവിതവിശുദ്ധിയുടെ മാതൃകയും നിരന്തരം സമാധാനത്തിന്റെ സാക്ഷിയുമായിത്തീരാൻ വിശുദ്ധ ഫ്രാൻസിസിന്റെ പ്രത്യേക വർഷമായിട്ടാണ് ഈ വർഷം ആചരിക്കപ്പെടേണ്ടത്. ഈ ലക്ഷ്യങ്ങൾ പൂർണ്ണമായി പ്രാപിക്കുന്നതിന് അപ്പസ്തോലിക പെനിറ്റൻഷ്യറി പരിശുദ്ധപിതാവിന്റെ ഹിതത്തോട് ചേർന്നുനിന്നുകൊണ്ട് ഈ പ്രത്യേക ജൂബിലിവർഷത്തിൽ സാധാരണയുള്ള വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ പൂർണ്ണദണ്ഡവിമോചനം അനുവദിച്ചിരിക്കുന്നു. അതായത്, അനുരഞ്ജന കൂദാശയുടെയും ദിവ്യകാരുണ്യത്തിന്റെയും സ്വീകരണം, പരിശുദ്ധ പിതാവിന്റെ നിയോഗങ്ങൾക്കായുള്ള പ്രാർത്ഥന എന്നിവ വഴി. അത് ശുദ്ധീകരണസ്ഥലത്തിലെ ആത്മാക്കളുടെ മോചനത്തിനായും സമർപ്പിക്കാവുന്നതാണ്.

നമ്മുടെ അതിരൂപതയിൽ ഈ പ്രത്യേക ജൂബിലി കാലയളവിൽ പൂർണ്ണദണ്ഡവിമോചനം നേടുന്നതിനായി **എറണാകുളം സെന്റ് ഫ്രാൻസിസ് അസ്സീസി കത്തീഡ്രൽ ദൈവാലയം, ചൊവ്വര സെന്റ് ഫ്രാൻസിസ് അസ്സീസി ദൈവാലയം, പൊന്നുരുന്നി കപ്പൂച്ചിൻ ആശ്രമ ദൈവാലയം** എന്നിവിടങ്ങളിലേക്ക് തീർത്ഥാടനം നടത്തി വ്യവസ്ഥകൾ നിറവേറ്റുകയും അവസാനം 'സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവെ', 'വിശ്വാസപ്രമാണം', നന്മനിറഞ്ഞ മറിയമേ' എന്നീ പ്രാർഥനകൾ ചൊല്ലുകയും വി. ഫ്രാൻസിസ് അസ്സീസിയോടും വി. ക്ലാരയോടും ഫ്രാൻസിസ്കൻ കുടുംബത്തിൽപ്പെട്ട ഇതര വിശുദ്ധരോടും

പ്രാർഥിക്കുകയും ചെയ്താൽ പൂർണ്ണദണ്ഡവിമോചനം ലഭിക്കുന്നതാണ്. കൂടാതെ, രോഗികൾക്കും, വൃദ്ധർക്കും, അവരെ പരിചരിക്കുന്നവർക്കും പാപത്തിൽ നിന്നൊഴിഞ്ഞുനിന്ന്, വേദനകളും സഹനങ്ങളും കരുണാർദ്രനായ ദൈവത്തിന് സമർപ്പിച്ചാൽ പൂർണ്ണദണ്ഡവിമോചനം ലഭിക്കും.

എറണാകുളം സെൻ്റ് ഫ്രാൻസിസ് അസ്സീസി കത്തീഡ്രലിൽ ഫെബ്രുവരി 7-ാം തീയതി ശനിയാഴ്ച വൈകിട്ട് 6.00-ന് അർപ്പിക്കപ്പെടുന്ന ദിവ്യബലിമധ്യേ അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസിൻ്റെ വർഷത്തിന് അതിരൂപതയിൽ ഔദ്യോഗിക തുടക്കം കുറിക്കുന്നതാണെന്നും ഞാൻ അറിയിക്കുന്നു. വി. ഫ്രാൻസിസ് അസ്സീസിയുടെ നാമധേയത്തിലുള്ള ദൈവാലയങ്ങളും കപ്പൂച്ചിൻ ആശ്രമദൈവാലയവും തീർത്ഥാടന രൂപത്തിൽ സന്ദർശിച്ച് പൂർണ്ണദണ്ഡവിമോചനം നേടുന്നതിനായി ഞാൻ പ്രത്യേകം ആഹ്വാനം ചെയ്യുന്നു.

എറണാകുളത്ത് നമ്മുടെ അതിമെത്രാസനമന്ദിരത്തിൽ നിന്ന്,
2026 ഫെബ്രുവരി 2-ാം തീയതി,

**✠ ജോസഫ് കളത്തിപ്പറമ്പിൽ**
*വരാപ്പുഴ അതിരൂപതാ മെത്രാപ്പോലീത്ത*

## CIRCULAR - 10

# Reparatrix Sisters of the Sacred Heart - ന്റെ സ്ഥാപനത്തിന്റെ 150-ാം വാർഷികം പൂർണ്ണദണ്ഡവിമോചനം

സ്നേഹമുള്ളവരേ,

Reparatrix Sisters of the Sacred Heart-ന്റെ സ്ഥാപനത്തിന്റെ 150-ാം വാർഷികത്തോട് അനുബന്ധിച്ച് പരിശുദ്ധപിതാവ് ലെയോ പതിനാലാമൻ പാപ്പാ 2025 ഒക്ടോബർ 23 മുതൽ 2026 ഒക്ടോബർ 23 വരെ പ്രസ്തുത സിസ്റ്റേഴ്സിന്റെ ഭവനങ്ങളിലെ ചാപ്പൽ ഒരു തീർത്ഥാടന രൂപത്തിൽ സന്ദർശിക്കുകയും അവിടെ ജൂബിലി തിരുക്കർമ്മങ്ങളിൽ പങ്കെടുക്കുകയൊ, 'സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവെ', 'വിശ്വാസപ്രമാണം' എന്നീ പ്രാർത്ഥനകൾ ചൊല്ലി മറ്റു വ്യവസ്ഥകൾ നിറവേറ്റിക്കൊണ്ടും പരിശുദ്ധ കന്യകാമറിയത്തോടും വന്ദ്യയായ സഭാസ്ഥാപക ഇസബെല്ലാ ഡി റോസിസിനോടുമുള്ള അപേക്ഷകൾ സമർപ്പിച്ചുകൊണ്ടും പ്രാർത്ഥിച്ചാൽ പൂർണ്ണദണ്ഡവിമോചനം അനുവദിച്ചിട്ടുണ്ട്. ഇത് ശുദ്ധീകരണ സ്ഥലത്തെ ആത്മാക്കൾക്കുവേണ്ടിയും സമർപ്പിക്കാവുന്നതാണ്. ആയതിനാൽ നിർദ്ദിഷ്ട ജൂബിലി കാലയളവിൽ നമ്മുടെ അതിരൂപതയിലെ **തേവർകാട് ഇസബെല്ല ഡി റോസിസ് കോൺവെന്റ് ചാപ്പൽ** സന്ദർശിച്ച് വ്യവസ്ഥകൾ നിറവേറ്റി പ്രാർത്ഥിച്ചാൽ പൂർണ്ണദണ്ഡവിമോചനം ലഭിക്കുന്നതാണ് എന്ന് ഇതിനാൽ അറിയിക്കുന്നു.

എറണാകുളത്ത് നമ്മുടെ അതിമെത്രാസനമന്ദിരത്തിൽ നിന്ന്, 2026 ഫെബ്രുവരി 2-ാം തീയതി,

**✠ ജോസഫ് കളത്തിപ്പറമ്പിൽ**
*വരാപ്പുഴ അതിരൂപതാ മെത്രാപ്പോലീത്ത*

## NOTIFICATION - 3

## TRANSFERS AND APPOINTMENTS

1. **Rev. Fr. Antony Jibin Kaimaleth**
   Parish Priest, St. Antony's Church
   Panangad, Cochin - 682 506.

2. **Rev. Fr. Anil Antony Theruvil**
   Parish Priest, St. Antony's Church
   Chennur - 682 027.

3. **Rev. Fr. Sinu Cleetus Chamminikodath**
   Parish Priest, St. Antony's Church
   Mulamthuruthy - 682 314

4. **Rev. Fr. Sunil Mudavassery**
   Priest in Charge, Little Flower Church
   Kundannoor & Director
   Labour Commission & KLM

5. **Rev. Fr. Joseph Tony Karvalio**
   Priest in Charge, St. John Bosco Church
   Edachira& St. Carlo Acutis Church, Pallikkara

6. **Rev. Fr. Raphael Stinil Chanassery**
   Asst. Parish Priest, Little Flower Church
   Pottakuzhy, N. Kaloor - 682 017

7. **Rev. Fr. Sibin Josy Nellissery**
   Asst. Parish Priest, Cruz Milagres Church
   Kurisinkal, Ochanthuruth - 682 508.

8. **Rev. Fr. Jipson Thomas Chanayil**
Vice Rector, St. Joseph's Minor Seminary
South Kalamassery, University P.O., Pin- 682 022.

9. **Rev. Fr. Sujith Stanly Naduvilaveettil**
Asst. Parish Priest, St. Jude Thaddeus Church
Kidangoor, Yoodhapuram - 683591

10. **Rev. Fr. Rinoy Xavier Kalapurakkal**
Asst. Parish Priest, St. James Church
Cheranellur 682 034

11. **Rev. Fr. Jilu Jose Mulloor**
Asst. Parish Priest, St. Antony's Church
Vaduthala, Cochin - 682 023.

12. **Rev. Fr. Shamil Joseph Thykkoottathil**
Asst. Parish Priest, St. Anne's Church
Thottakattukara, Alwaye - 683 108.

13. **Rev. Fr. Renil Thomas Ittikkunnath**
Asst. Parish Priest, St. Francis Xavier's Church
Kaloor, Cochin - 682 017.

14. **Rev. Fr. Edison Joseph Villanassery**
Spiritual Director, Vianney Home, Kalamassery

15. **Rev. Fr. Lijo Joshy Puliparambil**
Asst. Parish Priest, Holy Family Church.
S. Chittoor, Cochin - 682 027.

16. **Rev. Fr. Albert George Kattukandathil**
Asst. Parish Priest, St. Raphael's Church
Thykoodom, Cochin - 682 019

17. **Rev. Fr. Ebin Vivera Thekkekanissery**
Asst. Parish Priest, Our Lady of Mercy Church
Ponnarimangalam, Cochin - 682 504.

18. **Rev. Fr. Roshan Raphael Neissery**
Asst. Parish Priest, Our Lady of Fatima Church
Elamkulam, Cochin - 682 020.
& Asst. Director Department of Social Service (ESSS),
Ernakulam

19. **Rev. Fr. Abi Francis Durom**
Asst. Parish Priest, St. Philomena's Church
& St.Kuriakose Elias Chavara Shrine
Koonammavu - 683 518

20. **Rev. Fr. Febin Joseph Kizhavana**
Asst. Parish Priest, St. Mary Magdalene's Church
Moothedam, Maradu - 682 304

21. **Rev. Fr. Emmanuel Azure Panakal**
Asst. Parish Priest, Mount Carmel Church
Chathiath, Cochin - 682 012.

22. **Rev. Fr. Antony Francis Manaparambil**
Asst. Parish Priest, St. John the Baptist Church
Palarivattom, Cochin - 682 025

23. **Rev. Fr. Jibu Varghese Thaithara**
Asst. Parish Priest, St. Joseph's Church
Vadakekotta, Thripunithura - 682 301.

24. **Rev. Fr. Lipin Jose Kooliath**
Asst. Parish Priest, St. George's Church
Perumanoor, Cochin - 682 016.

25. **Rev. Fr. Sobin Stanlin Pallath**
Asst. Director, Navajeevan Animation Centre
Thottuva- 683544

26. **Rev. Fr. Ashish Augustine Thundiparambil**
Asst. Parish Priest, St. Jude Thaddeus Church
Ettekar, Edathala - 683 564.

27. **Rev. Fr. Nivin Nixon Puthukkada**
Asst. Parish Priest, St. Francis Assisi Cathedral
Ernakulam, Cochin - 682 031

28. **Rev. Fr. Jixon Johny Cheriyil**
Asst. Parish Priest,
National Shrine Basilica of Our Lady of Ransom ,
Vallarpadom, Cochin - 682 504

29. **Rev. Fr. Savio Antony Thekkepadath**
Asst. Parish Priest, Holy Family Church
Perumpilly, Narakkal P.O.- 682 505.

30. **Rev. Fr. Mixon Raphael Puthanparambil**
Asst. Parish Priest, St. George's Church
Vadel, Nayarambalam P.O.- 682 509

31. **Rev. Fr. Godson Antony Chamminikodath**
Asst. Parish Priest, Mount Carmel Church
Chathiath, Cochin - 682 012.

32. **Rev. Fr. Alphin George Chakkungal**
Asst. Parish Priest, St. George's Church
Karthedom, Malipuram P.O- 682 511.

33. **Rev. Fr. Midhun Paul Cheriyil**
Asst. Parish Priest, Our Lady of Perpetual Help Church
Valappu, Ochanthuruth - 682 508.

34. **Rev. Fr. Hiran Choolackal**
Asst. Parish Priest St. Michael's Church
Chembumukku, Kakkanad, Thrikkakara P.O.
Cochin - 682 021.

35. **Rev. Fr. Amal Antony Maliyackal**
Asst. Parish Priest,
National Shrine Basilica of Our Lady of Ransom ,
Vallarpadom, Cochin - 682 504

36. **Rev. Fr. Ashique Lenin Mukkath**
Asst. Parish Priest, St. Francis Xavier's Church,
Kaloor, Cochin - 682 017.

37. **Rev. Fr. Sarath Jose Panakal**
Asst. Parish Priest,
Our Lady of Immaculate Conception Church
Koratty - 680 309.

38. **Rev. Fr. Lal Antony Vaippissery**
Asst. Parish Priest St. Joseph's Church
Thevara, Cochin - 682 013.

39. **Rev. Fr. William Nellickal -** On Leave
C/o Latin Archbishop's House
Post Box 2581, Cochin - 682 031

40. **Rev. Fr. Justin Attullil -** On Leave
Avilabhavan, Chembumukku
Kakkanad, Thirkkakra P.O., Cochin 682 021

41. **Rev. Fr. Antony Merash Puthenpurackal OSMdL**
**-** Relieved

42. **Rev. Fr. Deslin Paulson Chelatt SJ -** Relieved

02.02.2026 **Chancellor**
Ernakulam

# CASUS
# February 2026

A visiting priest was hearing confessions one weekend at my parish, while the parish priest was away. He refused to grant me absolution, because he said that I hadn't sinned! I confessed some venial sins, but he told me that you shouldn't go to confession unless you've committed a serious sin. I didn't know what to say. Was he correct? If not, what should I have said or done? – Mary

Canon law is grounded in theology. That's why applying bad theology can also lead to a violation of canon law, which is what appears to have happened in this case.

Let's look first at the Church's theological teaching regarding this sacrament. The Catechism of the Catholic Church states clearly that Catholics are bound to confess serious sins at least once a year. But it also notes that "without being strictly necessary, confession of everyday faults (venial sins) is nevertheless strongly recommended by the Church" (No. 1458). If, therefore, Mary mentioned at least one venial sin in her confession, she provided enough material, from a theological standpoint, to warrant absolution.

Now let's take a look at what canon law has to say. Canon 989 states that all Catholics who have reached the age of are obliged to confess all grave sins at least once a year. But canon 988, §2 notes also that it is recommended - though not required - that Catholics also confess venial sins. It should be obvious that the canons which address this issue are in perfect accord with Catholic theology.

From both the theological and the canonical points of view, therefore, the priest was not justified in denying Mary absolution simply because she failed to indicate that she had committed any mortal sins. And in keeping with theology, canon law provides clear guidelines for

determining when a Catholic must be allowed to receive not just the sacrament of penance, but all the sacraments. Canon 843, §1 states that no sacrament may be denied to one who (1) opportunely asks for it, (2) is properly disposed, and (3) is not prohibited by law from receiving it. This canon sets forth the fundamental right of all Catholics to receive the sacraments, and as such it deserves further examination.

Firstly, a Catholic "opportunely asks" to receive a sacrament when he approaches a priest at the time and place where that sacrament is regularly conferred. We opportunely ask to receive Holy Communion, for example, when we approach a priest who is distributing Communion during Mass. Mary herself opportunely asked to receive the sacrament of penance by going into the confessional at the time when confessions are regularly held in her parish.

Secondly, a Catholic is "properly disposed" to receive a sacrament if he manifests the dispositions appropriate for its reception. One who reverently approaches to receive Holy Communion, for example, indicates outwardly that he is properly disposed, whereas one who is chatting on a cell-phone while in the Communion-line does not. To cite another example, engaged couples who seek to marry in a Catholic ceremony must show their parish priest that they sincerely accept the Church's teachings about marriage; if they are open to the notion of divorce whenever a marriage doesn't work out, they are not manifesting all the dispositions proper for the reception of the sacrament of Catholic matrimony, and a priest may rightly refuse to permit them to marry in the Church. In Mary's case, unless she was somehow acting in an inappropriate manner in the confessional, or otherwise indicated that she did not take the sacrament seriously, it is difficult to think of a reason why the priest would have denied her absolution on this ground.

Finally, there are many possible reasons why a Catholic may be "prohibited by law from receiving" a sacrament. If, for example, he is under excommunication, he is forbidden to receive the sacraments until the excommunication is lifted (c. 1331, §1, 2p ). If the sacrament may be received only once (as is the case with baptism, confirmation, or holy orders), a Catholic who has already received it once may not receive it again. Or there may be an impediment barring a person's reception of a sacrament - a Catholic may not receive the sacrament of matrimony, for example, if he is in holy orders, or is already married to someone else.

Although we are unaware of the whole conversation in the confessional between Mary and the confessor, it's fairly clear that this priest wrongly refused her absolution. So what should she have done? For one thing, there is no reason why she couldn't leave the confessional and immediately make her confession to another priest, even if this required her to go to another parish. Additionally, it could be suggested that Mary inform the parish priest of her parish of this incident, as he is responsible for the spiritual care of the people of his parish. Canon 528, §2 notes specifically that the parish priest is to strive to ensure that his parishioners are nourished by the devout celebration of the sacraments, and *in particular that they frequently approach the sacraments of the blessed Eucharist and of penance.*

Printed and Published by Fr. Ebigin Arackal
New Vimala Social Service Centre,  Kakkanad, Kochi - 21